**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട** **12.02.2020 ൽ മറുപടിക്ക്**

**ചോദ്യം നമ്പർ : *210**

# അസെൻഡ് - 2020

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.പി.സി. ജോർജ് :** | | **ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | അസെൻഡ് - 2020 വ്യവസായ സംഗമത്തിന്റെ ഫലമായി സംസ്ഥാനത്ത് ഇതുവരെ എത്ര പുതിയ സംരംഭകർ വ്യവസായം തുടങ്ങുന്നതിനായി രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദമാക്കുമോ; | (എ) | കൊച്ചിയിൽ നടന്ന നിക്ഷേപക സംഗമത്തിലൂടെ 1,00,355.43 കോടി രൂപയുടെ നിക്ഷേപം സംബന്ധിച്ചുള്ള വാഗ്ദാനങ്ങളാണ് ലഭിച്ചിട്ടുള്ളത്. ഇതിൽ 32 എണ്ണം ധാരണാ പത്രങ്ങളും 117 എണ്ണം താൽപര്യപത്രങ്ങളുമാണ്. ഇതു കൂടാതെ കേരളാ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് മാനേജ്മെൻറ് ലിമിറ്റഡിന്റെ സാമ്പത്തിക സഹകരണത്തോടെയുള്ള 6 പ്രോജക്ടുകളും അബുദാബി ഇൻവെസ്റ്റ്മെന്റ് അതോറിറ്റി നിക്ഷേപ താല്പര്യം പ്രകടിപ്പിച്ചിട്ടുള്ള രണ്ട് മെഗാ പദ്ധതികളും ഉൾപ്പെടുന്നു.<br><br>അസെൻഡ് 2020 വ്യവസായ സംഗമത്തിലെ പദ്ധതി നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുന്നതിന് ആവശ്യമായ അനന്തര നടപടികൾ സ്വീകരിക്കുന്നതിനും നിക്ഷേപകരെ സഹായിക്കുന്നതിനുമായി G.O(Rt)No.105/2020/ID dated 04.02.2020 പ്രകാരം നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തുകയും കെ.എസ്.ഐ.ഡി.സി യിൽ ഇൻവെസ്റ്റ്മെന്റ് സെൽ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | വിദേശത്തുനിന്നും തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചെത്തിയ പ്രവാസികൾക്ക് സംസ്ഥാനത്ത് വ്യവസായം തുടങ്ങുന്നതുമായി ബന്ധപ്പെട്ട് | (ബി) & (സി) | മടങ്ങിവന്ന പ്രവാസികളുടെ പുനരധിവാസ പദ്ധതിയായ നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) ന് കീഴിൽ കൃഷി, മത്സ്യബന്ധനം, |

| | | | |
|---|---|---|---|
| | ഏതെങ്കിലും തരത്തിലുള്ള ഇളവുകൾ അനുവദിച്ചിട്ടുണ്ടോ; | | മൃഗപരിപാലനം, വാണിജ്യം, ചെറുകിട വ്യവസായം, സർവ്വീസ് മേഖല, നിർമ്മാണ മേഖല, ബിസിനസ്സ് എന്നീ മേഖലകളിൽ നൽകുന്ന സ്വയം സംരംഭക വായ്പക്ക് മൂലധന പലിശ സബ്സിഡി അനുവദിക്കുന്നുണ്ട്. കൂടാതെ പ്രസ്തുത പദ്ധതി പ്രകാരം ലോൺ നൽകുന്നതിനുള്ള പരിധി 20 ലക്ഷത്തിൽ നിന്നും 30 ലക്ഷമായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ പങ്കാളികളായ ബാങ്കുകളുടെ എണ്ണം രണ്ടിൽ നിന്നും 15 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| **(സി)** | ഇത്തരക്കാർ ആരംഭിക്കുന്ന വ്യവസായ സംരംഭങ്ങൾക്ക് മുൻഗണന നൽകുന്നതിന് സർക്കാർ തയ്യാറാകുമോ; വിശദമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**